# 78. ഭദ്രകാളി പിശാചിന്റെ പിടിയിൽ...

നടന്ന ഒരു കഥ.

കമ്പിത്തപാൽ വകുപ്പിൽ ക്ലാർക്കായ സ്വരൺസിങ് 1984 ജൂൺ 29-ാം തീയതി പഞ്ചാബിലെ 'അംബാല' എന്ന സ്ഥലത്തുനിന്നു ബസ്സു കയറി ഇന്ത്യയുടെ തലസ്ഥാനമായ ദില്ലിയിലേക്കു വന്നു. സ്വരൺസിങ്ങിന്റെ കൈയിൽ ഒരു സഞ്ചിയും, അതിൽ മററു ചില സാധനങ്ങളോടൊപ്പം ഇരുപത്തിരണ്ടായിരം രൂപയും ഉണ്ടായിരുന്നു.

ദില്ലിയിലെ അന്തസ്സംസ്ഥാന-ബസ്‌ടെർമിനസ്സിൽ (ഐ. എസ്. ബി. ടി.) ബസ്സിറങ്ങിയ സ്വരൺസിങ്ങിനെ കാക്കിയുടുപ്പു ധരിച്ച ഒരാൾ സമീപിച്ചു. താൻ കുററാന്വേഷണവിഭാഗത്തിലെ (ക്രൈംബ്രാഞ്ച്) ഒരു ഉദ്യോഗസ്ഥനാണെന്നും, സുരക്ഷസംബന്ധിച്ച പരിഗണനകളാൽ സ്വരൺസിങ്ങിന്റെ സഞ്ചി തനിക്കു പരിശോധിക്കേണ്ടതുണ്ടെന്നും, അതിനായി സ്വരൺസിങ് തന്റെകൂടെ കിങ്സ്‌വേക്യാമ്പ് പോലീസ്‌സ്റ്റേഷനിലേക്കു വരണമെന്നും അയാൾ പറഞ്ഞു. പഞ്ചാബ് കലാപത്തിന്റെ പശ്ചാത്തലത്തിൽ, ഇത്തരമൊരു പരിശോധനയിൽ അസാധാരണമായി ഒന്നുമുണ്ടായിരുന്നില്ല. കിങ്സ്‌വേ ക്യാമ്പ് പോലീസ്‌സ്റ്റേഷന്റെ അധികാരാതിർത്തിയിൽപ്പെട്ടതല്ല, അന്തസ്സംസ്ഥാന-ബസ്‌ടെർമിനസ് എന്നു ദില്ലിക്കാരനല്ലാത്ത സ്വരൺസിങ്ങിന് അറിവുണ്ടായിരുന്നുമില്ല. അതിനാൽ അയാൾ മടികൂടാതെ കിങ്സ്‌വേ ക്യാമ്പ് പോലീസ്‌സ്റ്റേഷനിലേക്കു നടന്നു. 'ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻ' എന്നു സ്വയം പരിചയപ്പെടുത്തിയ ആൾ ഒരു സൈക്കിളിൽ കയറി അയാളെ പിന്തുടർന്നു.

ബസ്‌ടെർമിനസ്സിൽനിന്നു് പോലീസ്‌സ്റ്റേഷനിലേക്കു കുറെ ദൂരമുണ്ട്. സ്റ്റേഷനിലെത്തുംമുമ്പ്, വഴിയിൽ അധികം ജനസഞ്ചാരമില്ലാത്ത ഒരിടത്തുവെച്ച്, 'ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻ' സ്വരൺസിങ്ങിന്റെ സഞ്ചി ബലംപ്രയോഗിച്ചു പിടിച്ചുവാങ്ങി പരിശോധിച്ചു. സഞ്ചിയിലുള്ള ഇരുപത്തിരണ്ടായിരം രൂപ അയാൾ എടുത്തു. സഞ്ചി തിരിച്ചുകൊടുത്ത് അതുംകൊണ്ട് അവിടെനിന്നു് ഓടാൻ അയാൾ സ്വരൺസിങ്ങിനോടു പറഞ്ഞു. എതിർക്കുകയോ, ഈ വിവരം ആരോടെങ്കിലും പറയുകയോ ചെയ്താൽ താൻ അയാളെ കസ്റ്റഡിയിലെടുക്കുമെന്നും, പിന്നീടു വളരെക്കാലം അയാൾക്കു ലോക്കപ്പിൽ കിടക്കേണ്ടിവരുമെന്നും, 'ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻ' സ്വരൺസിങ്ങിനെ ഭീഷണിപ്പെടുത്തി. രൂപയുംകൊണ്ടു സൈക്കിളിലേറി അയാൾ സ്ഥലം വിടുകയും ചെയ്തു.

തനിക്കു കളിപ്പുപററിയതാണെന്നു് സ്വരൺസിങ്ങിന് മനസ്സിലായത് കുറച്ചുകഴിഞ്ഞിട്ടാണ്. അയാൾ നേരെ കിങ്സ്‌വേ ക്യാമ്പ് പോലീസ്‌സ്റ്റേഷനിലെത്തി പരാതി ബോധിപ്പിച്ചു. അവിടത്തെ പോലീസുകാർ ഒരു പിടിച്ചുപറിക്കേസ് രജിസ്റ്റർചെയ്തു.

കഥയിലെ മൂന്നാമത്തെ കഥാപാത്രമായ ഇന്ദ്രസിങ്ങിനെ പരിചയപ്പെടുത്തേണ്ട സന്ദർഭം ഇതാണ്. ദില്ലി ക്രൈംബ്രാഞ്ചിലെ ഒരു കോൺസ്റ്റബിളാണ് ഇന്ദ്രസിങ്. അയാളുടെ പേരിൽ ഒരു അഴിമതി ആരോപിക്കപ്പെട്ടിട്ടുണ്ട്. അതു സംബന്ധിച്ച അന്വേഷണം നടന്നുവരികയുമാണ്. തന്റെ പണം അപഹരിച്ച ആളെപ്പററി സ്വരൺസിങ് നൽകിയ വിവരണങ്ങളിൽനിന്ന്, ഈ തട്ടിപ്പറി നടത്തിയതു് അഴിമതി ആരോ

പണത്തിനു് വിധേയനായ കോൺസ്റ്റബിൾ ഇന്ദ്രസിങ്ങ് ആയിരിക്കാമെന്നു് കിങ്ങ്സ്‌വേ ക്യാമ്പ് സ്റ്റേഷനിലെ പോലീസ്സുകാർ സംശയിച്ചു. അയാൾ എവിടെയാണെന്നു് അവർ അന്വേഷിച്ചു. ന്യൂ പോലീസ് ലൈൻസിലുള്ള അയാളുടെ പാർപ്പിടത്തിൽ ചെന്ന പോലീസ്സുകാർ ഇന്ദ്രസിങ്ങിനെ അവിടെ കണ്ടില്ല. ഇന്ദ്രസിങ്ങ് ശമ്പളം വാങ്ങാൻ പോയിരിക്കുകയാണെന്നു് അയാളുടെ ഭാര്യ പറഞ്ഞു. വീട്ടിൽ തിരിച്ചെത്തിയാലുടൻ ഇന്ദ്രസിങ്ങിനെ കിങ്ങ്സ്‌വേ ക്യാമ്പ് പോലീസ്‌സ്റ്റേഷനിലേക്കു് അയയ്ക്കാൻ പോലീസ്സുകാർ ആ സ്ത്രീയെ ചുമതലപ്പെടുത്തി.

അസാധാരണമായി എന്തെങ്കിലും സംഭവിക്കുകയാണെന്ന ആശങ്കകൂടാതെയാണു് അന്നു വൈകുന്നേരം കോൺസ്റ്റബിൾ ഇന്ദ്രസിങ്ങ് കിങ്ങ്സ്‌വേ ക്യാമ്പ് പോലീസ്‌സ്റ്റേഷനിലെത്തിയതു്. അയാൾ ചെല്ലുമ്പോൾ പരാതിക്കാരനായ സ്വരൺസിങ്ങും സ്റ്റേഷനിലുണ്ടായിരുന്നു. തന്റെ പണം തട്ടിയെടുത്തതു് ഇയാൾതന്നെയാണെന്നു് സ്വരൺസിങ്ങ് തീർത്തുപറഞ്ഞു. സ്വരൺസിങ്ങിനു് തെററിപ്പോയതാണെന്നും, പിടിച്ചുപറി നടന്നതായി പറയപ്പെടുന്ന സമയത്തു് താൻ പോലീസ്‌സ്റ്റേഷനിൽനിന്നു ശമ്പളം വാങ്ങുകയായിരുന്നുവെന്നും ഇന്ദ്രസിങ്ങ് പറഞ്ഞതു് വിലപ്പോയില്ല. കിങ്ങ്സ്‌വേ ക്യാമ്പിലെ പോലീസ്സുകാർ ഇന്ദ്രസിങ്ങിനെ ലോക്കപ്പിലാക്കി; ചോദ്യംചെയ്യാൻ തുടങ്ങി. ചോദ്യം 'ഭേദ്യ'മാവാൻ ഏറെ താമസമുണ്ടായില്ല ഇന്ദ്രസിങ്ങിന്റെ പോലീസ്‌യൂണിഫോറം അഴിച്ചുമാററാതെതന്നെ അയാളെ അവർ തലകീഴായി കെട്ടിത്തൂക്കി. അയാൾ പലരോടും ചെയ്തിട്ടുള്ള മർദനമുറകൾ അയാളിൽ അവർ പ്രയോഗിച്ചു. വായിൽനിന്നു് ഉമിനീർ ഒലിച്ചിറങ്ങിക്കൊണ്ടു്, തലകീഴായി ക്കിടന്നു്, കോൺസ്റ്റബിൾ ഇന്ദ്രസിങ്ങ് തന്റെ നിരപരാധിത്വം വീണ്ടും വീണ്ടും പ്രഖ്യാപിച്ചു. പക്ഷേ, അയാളെ തുടർച്ചയായി മർദിച്ചിരുന്ന പോലീസ്സുകാർക്കു് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. മർദകരും മർദിതനും ഒരേ പോലീസ്‌സേനയിലെ അംഗങ്ങളാണെന്നതുകൊണ്ടു് മർദനത്തിന്റെ തീവ്രത കുറഞ്ഞുമില്ല. വൈദ്യനു് സ്വന്തം കഷായം കുടിക്കേണ്ടിവന്നതുപോലെയായിരുന്നു സ്ഥിതി. 'മൂന്നാം ഡിഗ്രി'യിൽപ്പെട്ട എല്ലാ മർദനമുറകളും കോൺസ്റ്റബിൾ ഇന്ദ്രസിങ്ങിനു് അനുഭവിക്കേണ്ടിവന്നു. ദില്ലിയിലെ പോലീസ്‌സ്റ്റേഷനുകളിൽ ഇത്തരം മർദനമുറകൾ അസാധാരണങ്ങളല്ല. അവയ്ക്കു് ഇരയായതു് ഒരു പോലീസ്‌കോൺസ്റ്റബിൾ ആണെന്നതുമാത്രമായിരുന്നു ഈ സംഭവത്തിലെ അസാധാരണത്വം.

ജൂൺ 29-ാം തീയതി രാത്രിയും 30-ാംതീയതി പകലും ഇന്ദ്രസിങ്ങ് തന്റെ സഹ-ഉദ്യോഗസ്ഥരിൽനിന്നു കഠിനമായ മർദനം അനുഭവിച്ചു. ജൂൺ മുപ്പതാംതീയതി വൈകുന്നേരം അതേ പോലീസ്‌സ്റ്റേഷനിൽ ഒരു ദുരന്തം സംഭവിച്ചിരുന്നില്ലെങ്കിൽ ഇന്ദ്രസിങ്ങിന്റെ നരകപീഡ അനിശ്ചിതകാലത്തേക്കു നീണ്ടുപോകുമായിരുന്നു. അയാളുടെ ഭാഗ്യത്തിനു്, ഒരു കൊലക്കേസ്സിൽ സംശയിച്ചു പിടിച്ച ഒരാൾ മർദനമേററു് അവിടെക്കിടന്നു മരിച്ചു. ഇതോടെ പോലീസ്സുകാർ ഇന്ദ്രസിങ്ങിനെ മർദിക്കുന്നതു തത്ക്കാലം നിർത്തിവെച്ചു. തലകീഴായി തൂങ്ങുന്ന അയാളെ കെട്ടഴിച്ചു താഴെയിറക്കിക്കിടത്തി.

എന്നിട്ടും, ജൂലൈ രണ്ടാംതീയതിവരെ അയാളെ രേഖാമൂലം അറസ്റ്റ്ചെയ്യുകയോ, സ്റ്റേഷനിൽനിന്നു വിട്ടയയ്ക്കുകയോ ചെയ്തില്ല. ജൂലായ് മൂന്നാംതീയതി കോൺസ്റ്റബിൾ ഇന്ദ്രസിങ്ങിനെ അറസ്റ്റ്ചെയ്തതായി രേഖയുണ്ടാക്കി. മജിസ്ട്രേററ്കോടതിയിൽ ഹാജരാക്കി. ഒരു ദിവസം

അയാളെ റിമാൻഡിൽ വെയ്ക്കാൻ മജിസ്ട്രേട്ട് ഉത്തരവിട്ടു. അഞ്ചാംതീയതി അതേ കോടതി ഇന്ദ്രസിങ്ങിനെ ജാമ്യത്തിൽ വിട്ടു. ഇതിനിടെ അയാളെ പോലീസ്‌വകുപ്പിൽനിന്നു സസ്പെൻഡ്‌ചെയ്തിരുന്നു.

ഇന്ദ്രസിങ്ങിനെ സ്റ്റേഷനിൽനിന്നു വിട്ടയയ്ക്കുംമുമ്പ്, ന്യൂപോലീസ് ലൈൻസിലുള്ള അയാളുടെ പാർപ്പിടം പോലീസുകാർ പരിശോധിച്ചു. അവിടെയുണ്ടായിരുന്ന തൊള്ളായിരം രൂപയും ഒരു വാച്ചും ഒരു സ്വർണമാലയും ഒരു സ്വർണമോതിരവും ഏതാനും ഉടുപ്പുകളും അവർ എടുത്തുകൊണ്ടുപോയെന്ന് ഇന്ദ്രസിങ്ങിന്റെ ഭാര്യ പരാതിപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇങ്ങനെ ചില 'തൊണ്ടികൾ' കണ്ടെടുത്തതായി പോലീസിന്റെ രേഖകളിലൊന്നും പറഞ്ഞിട്ടില്ല.

ഭർത്താവിനെ വിട്ടുകിട്ടുന്നതിനായി കോൺസ്റ്റബിൾ ഇന്ദ്രസിങ്ങിന്റെ ഭാര്യ, അവരുടെ മൂന്നു കുട്ടികളോടൊപ്പം, ഉയർന്ന പോലീസുദ്യോഗസ്ഥന്മാരുടെ പടിക്കൽ പാടുകിടന്നു.

ഒടുവിൽ, ജൂലായ് 6-ാം തീയതി ഇന്ദ്രസിങ്ങിനു ശാപമോചനം കൈവന്നു. അന്തസ്സംസ്ഥാന-ബസ് ടെർമിനസ്സിനടുത്ത് ഒരു തെരുവിൽവെച്ച്, പോലീസ്‌ഉടുപ്പു ധരിച്ച ഒരാൾ ഒരു യാത്രക്കാരനോട്, അയാളുടെ കൈയിലുള്ള ബാഗ് തുറന്നുകാട്ടാനാവശ്യപ്പെടുന്നത്, സിവിലിയൻവസ്ത്രങ്ങൾ ധരിച്ച് ആ വഴിയെ വരികയായിരുന്ന ഒരു ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻ കേട്ടു. സംശയം തോന്നിയ ഈ ഉദ്യോഗസ്ഥൻ പോലീസ്‌വേഷധാരിയെ പിടികൂടി. ഷേർസിങ് എന്നായിരുന്നു ഈ തട്ടിപ്പുകാരന്റെ പേര്. പോലീസ്‌സ്റ്റേഷനിൽ കൊണ്ടുപോയി ചോദ്യംചെയ്തപ്പോൾ, ഏതാനും ദിവസംമുമ്പ് ഒരു കമ്പിത്തപാൽവകുപ്പുദ്യോഗസ്ഥന്റെ ഇരുപത്തിരണ്ടായിരം രൂപ താൻ തട്ടിയെടുക്കുകയുണ്ടായി എന്ന് ഷേർസിങ് സമ്മതിച്ചു. ഈ പണത്തിൽ കുറെ അയാളുടെ കൈയിൽനിന്നു കണ്ടുകിട്ടുകയുംചെയ്തു. കമ്പിത്തപാൽവകുപ്പിൽ ക്ലാർക്കായ പരാതിക്കാരൻ സ്വരൺസിങ്ങിനെ പോലീസുകാർ സ്റ്റേഷനിലേക്കു കൂട്ടിക്കൊണ്ടുവന്നു. ഷേർസിങ്ങിനെ സ്വരൺസിങ് ഉടൻ തിരിച്ചറിഞ്ഞു. കോൺസ്റ്റബിൾ ഇന്ദ്രസിങ്ങിന്റെമേൽ താൻ പഴിചാരിയതു തെറ്റായിപ്പോയി എന്ന് അയാൾ സമ്മതിച്ചു.

കോൺസ്റ്റബിൾ ഇന്ദ്രസിങ്ങിന്റെ പേരിലുള്ള കേസ് പിൻവലിക്കാനും, സസ്പെൻഷൻ റദ്ദാക്കി അയാളെ വീണ്ടും സർവീസിൽ പ്രവേശിപ്പിക്കാനും ദില്ലിയിലെ ഉയർന്ന പോലീസുദ്യോഗസ്ഥന്മാർ നടപടികളെടുത്തിട്ടുണ്ടെന്ന്, ഈ കഥ റിപ്പോർട്ടുചെയ്ത 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽ (ജൂലായ് 15) കാണുന്നു.

കുറ്റം തെളിയിക്കുന്നതിനു താൻ അടക്കമുള്ള ദില്ലി പോലീസുകാർ സാധാരണയായി കൈക്കൊണ്ടുവരുന്ന മർദന മുറകളെപ്പറ്റി കോൺസ്റ്റബിൾ ഇന്ദ്രസിങ്ങിന് ഇപ്പോഴുള്ള അഭിപ്രായം എന്തെന്ന് ആരെങ്കിലും അന്വേഷിക്കുന്നതു നന്നായിരിക്കും.

(9 സെപ്തംബർ, 1984)